ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.07.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. കേരളത്തിന്റെ വികസനയാത്രയിലെ സുപ്രധാന മുഹൂർത്തത്തിന് സാക്ഷ്യം വഹിച്ച് വിഴിഞ്ഞം ; തുറമുഖത്തെത്തിയ ആദ്യ മദർഷിപ്പിന് ഊഷ്മള സ്വീകരണം; വിഴിഞ്ഞം തുറമുഖത്തിന്റെ ട്രയൽ റണ്ണിനും തുടക്കമായി.

**Scripting a new chapter in the development journey of Kerala, trial operations of Vizhinjam Internal Seaport started today. The first mothership arrived in the Port received a warm welcome.**

2. കേരളത്തിന്റെ വികസന ചരിത്രത്തിലെ പ്രധാന ഏടാണിതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ; രാജ്യത്തെ സമുദ്രമേഖലയുടെ വികസനത്തിലെ നാഴികക്കല്ലായി വിഴിഞ്ഞം തുറമുഖം മാറുമെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ.

**Kerala Chief Minister Pinarayi Vijayan named it as an important chapter in the development history of Kerala. Union Minister Sarbanand Sonowal said that the Vizhinjam Port will be a turning point in the maritime development journey of India.**

3. വിരമിച്ച അഗ്നിവീർ സൈനികർക്ക് കേന്ദ്ര പോലീസ് സേനകളിൽ 10 ശതമാനം സംവരണം ഏർപ്പെടുത്താൻ അനുമതി.

**Central Armed Police Forces to provide 10 percent reservation to former Agniveers in their recruitments.**

**4. മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട ഇ.ഡി കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ് രിവാളിന് സുപ്രീം കോടതി ഇടക്കാല ജാമ്യം അനുവദിച്ചു.**

**The Supreme Court today granted interim bail to Delhi Chief Minister and Aam Aadmi Party (AAP) National Convenor Arvind Kejriwal in the money laundering case linked to the alleged liquor policy scam**

**5. നീറ്റ് ചോദ്യ പേപ്പർ ചോർച്ചയുടെ സൂത്രധാരൻ സി ബി ഐ പിടിയിൽ**

**CBI arrests kingpin of NEET paper leak case**

*****************************

## VIZHINJAM

കേരളത്തിൻറെ വികസനയാത്രയിലെ അഭിമാനനേട്ടമായ വിഴിഞ്ഞം തുറമുഖത്ത് എത്തിയ ആദ്യ മദർഷിപ്പിന് മുഖ്യമന്ത്രി പിണറായി വിജയൻറെയും, കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളിൻറെയും നേതൃത്വത്തിൽ ഊഷ്മളമായ സ്വീകരണം നൽകി. തുറമുഖത്തിൻറെ ട്രയൽ റണ്ണിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു. രാജ്യത്തിന് അഭിമാനകരമായ മുഹൂർത്തമാണിതെന്ന് പറഞ്ഞ മുഖ്യമന്ത്രി മദർപോർട്ട് എന്ന നിലയിൽ വിഴിഞ്ഞത്തെ സുസജ്ജമാക്കുമെന്നും വ്യക്തമാക്കി. തുറമുഖങ്ങൾ സാമ്പത്തിക വളർച്ചയുടെ ചാലകശക്തിയാണെന്നും വിഴിഞ്ഞം യാഥാർത്ഥ്യമായതോടെ കേരളത്തിൻറെ വികസന അദ്ധ്യായത്തിൽ പുതിയൊരു ഏട് കൂടി തുറന്നതായും മുഖ്യമന്ത്രി പറഞ്ഞു. 2028-ഓടെ സമ്പൂർണ്ണ തുറമുഖമായി വിഴിഞ്ഞം മാറുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

ലോകോത്തര നിലവാരത്തിലുള്ള തുറമുഖമായി വിഴിഞ്ഞത്തെ മാറ്റാൻ കേരള സർക്കാർ നൽകിയ പരിശ്രമങ്ങളെ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത കേന്ദ്രമന്ത്രി സർബാനന്ദ

സോനോവാൾ അഭിനന്ദിച്ചു. രാജ്യത്തെ സമുദ്രമേഖലയുടെ വികസനത്തിന് സുപ്രധാന നാഴികക്കല്ലായി വിഴിഞ്ഞം തുറമുഖം മാറുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. രാജ്യത്ത് ലോകോത്തര നിലവാരമുള്ള തുറമുഖങ്ങൾ സൃഷ്ടിക്കുക എന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സ്വപ്നത്തിലേക്കുള്ള മറ്റൊരു ചുവടുവയ്പ്പാണ് വിഴിഞ്ഞം എന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ, അദാനി ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ കരൺ അദാനി തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഇന്നലെ രാവിലെയാണ് സാൻ ഫെർണാണ്ടോ മദർഷിപ്പ് വിഴിഞ്ഞത്ത് നങ്കൂരമിട്ടത്. വാട്ടർ സല്യൂട്ട് നൽകിയാണ് കപ്പലിനെ വിഴിഞ്ഞത്തേക്ക് സ്വീകരിച്ചത്. വിഴിഞ്ഞം തുറമുഖത്തിൻറെ ട്രയൽ റൺ രണ്ട്-മുതൽ മൂന്ന് മാസം വരെ തുടരും. സെപ്റ്റംബർ-ഒക്ടോബർ മാസത്തോടെ തുറമുഖം കമ്മീഷൻ ചെയ്യും.

*******************************

## EX-AGNIVEERS

സേവനത്തിൽ നിന്നു വിരമിക്കുന്ന അഗ്നിവീർ സൈനികർക്ക് കേന്ദ്ര പോലീസ് സേനകളിൽ 10 ശതമാനം സംവരണം ഏർപ്പെടുത്തും. ഇവർക്ക് പ്രായപരിധിയിൽ ഇളവ് നൽകുമെന്നും, ശാരീരിക ക്ഷമത പരിശോധന ഉണ്ടാകില്ലെന്നും B S F, C R P F, C I S F, S S B തുടങ്ങിയ സേനാവിഭാഗങ്ങൾ അറിയിച്ചു. കേന്ദ്ര സായുധ പോലീസ് സേനകളിലേക്ക് വിരമിച്ച അഗ്നിവീർ സൈനികരെ നിയമിക്കുന്നതിനുള്ള തീരുമാനം ആഭ്യന്തര മന്ത്രാലയത്തിൻറെ വലിയ ചുവടുവയ്പ്പാണെന്ന് C I S F ഡയറക്ടർ ജനറൽ നീന സിങ് പറഞ്ഞു.

*******************************

## SC-KEJRIWAL (EARLY)

മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട ഇ.ഡി കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ് രിവാളിന് സുപ്രീം കോടതി ഇടക്കാല ജാമ്യം അനുവദിച്ചു. ഇ.ഡി അറസ്റ്റ് ചോദ്യം ചെയ്ത് അരവിന്ദ് കെജ് രിവാൾ സമർപ്പിച്ച ഹർജി ജസ്റ്റിസ് സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരുൾപ്പെട്ട ബെഞ്ച് വിശാല ബഞ്ചിന് കൈമാറി. അതേസമയം മദ്യനയ അഴിമതി കേസിൽ സിബിഐ അറസ്റ്റിലായതിനാൽ കെജ്രിവാളിന് കസ്റ്റഡിയിൽ തുടരേണ്ടി വരും. കേസിൽ കഴിഞ്ഞ മാസം 25 നാണ് സിബിഐ കെജ് രിവാളിനെ അറസ്റ്റ് ചെയ്തത്. ഇ.ഡി കേസിൽ മാർച്ച് 21ന് അറസ്റ്റിലായ കെജ് രിവാളിന് ലോക്സഭാ തിരഞ്ഞെടുപ്പ് പശ്ചാത്തലത്തിൽ സുപ്രീംകോടതി മുൻപും ഇടക്കാല ജാമ്യം അനുവദിച്ചിരുന്നു.

*****************************

## NEET-HAZARIBAGH CASE

നീറ്റ് ചോദ്യ പേപ്പർ ചോർച്ച കേസിൽ മുഖ്യ സൂത്രധാരൻ രാകേഷ് രഞ്ജനെ സി ബി ഐ അറസ്റ്റ് ചെയ്തു. റോക്കി എന്നറിയപ്പെടുന്ന ഇയാളെ 10 ദിവസത്തെ സി ബി ഐ കസ്റ്റഡിയിൽ വിട്ടു. രാകേഷിൻറെ അറസ്റ്റോടെ ചോദ്യ പേപ്പർ ചോർച്ചയിൽ കൂടുതൽ വിവരങ്ങൾ പുറത്ത് വരുമെന്നാണ് കരുതുന്നത്. കേസിൽ അറസ്റ്റിലായ ഝാർഖണ്ഡിലെ ഹസാരിബാഗിലുള്ള ഒയാസിസ് സ്കൂൾ പ്രിൻസിപ്പൽ അടക്കം നാല് പേരെ സിബിഐ റിമാൻഡ് കാലാവധി അവസാനിച്ചതിനെ തുടർന്ന് ജയിലിലേക്ക് മാറ്റി. ബിഹാറിലെ പട്നയിൽ നിന്നും കണ്ടെടുത്ത കത്തിച്ച നിലയിലുള്ള ചോദ്യപേപ്പർ ഒയാസിസ് സ്കൂളിലെ പരീക്ഷാ കേന്ദ്രത്തിലേക്ക് അയച്ചതാണെന്ന കണ്ടെത്തലിൻറെ അടിസ്ഥാനത്തിലാണ് പ്രിൻസിപ്പലിനെയും വൈസ് പ്രിൻസിപ്പലിനെയുമടക്കം സിബിഐ അറസ്റ്റ് ചെയ്തത്.

*****************************

## A I CONCLAVE

വിജ്ഞാന അധിഷ്ഠിത സമ്പത്ത് വ്യവസ്ഥയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി പി രാജീവ്. ആദ്യ അന്താരാഷ്ട്ര ജൻ എ ഐ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ നിക്ഷേപവും തൊഴിൽ സാധ്യതകളും വർധിപ്പിക്കുകയാണ് ജൻ എ ഐ കോൺക്ലേവ് പോലുള്ള സംഭരംഭങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത് എന്നും അദ്ദേഹം വ്യക്തമാക്കി. സംസ്ഥാന സർക്കാരും, ഐ ബി എമ്മും ചേർന്ന് കൊച്ചിയിൽ നടത്തുന്ന ജൻ എ ഐ കോൺക്ലേവിനു ഇന്ന് സമാപനമാകും .

****************************

## POOJA KHEDKAR

ഐഎഎസ് പ്രൊബേഷണറി ഓഫീസർ പൂജ ഖേദ്കറുടെ നിയമനവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ അന്വേഷിക്കാൻ കേന്ദ്രസർക്കാർ ഏകാംഗസമിതിയെ നിയോഗിച്ചു. ഒബിസി സംവരണവും, ഭിന്നശേഷിയും തെളിയിക്കുന്നതിന് വ്യാജ സർട്ടിഫിക്കറ്റുകൾ നൽകിയതായാണ് ഇവർക്കെതിരെ ഉയർന്ന ആരോപണം. സിവിൽ സർവീസ് ഉദ്യോഗസ്ഥ എന്ന നിലയിൽ അധികാര ദുർവിനിയോഗം നടത്തിയതായി പൂജ ഖേദ്കർക്കെതിരെ ആരോപണം ഉയർന്നിരുന്നു. സ്വകാര്യ വാഹനത്തിൽ ബീക്കൺ ലൈറ്റ് ഘടിപ്പിച്ചതടക്കമുള്ള ആരോപണങ്ങളാണ് ഇവർക്കെതിരെ ഉയർന്നത്. രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാനാണ് സമിതിയ്ക്ക് സർക്കാർ നിർദേശം നൽകിയത്.

****************************

## ASSAM-FLOOD

അസമിൽ വെള്ളപ്പൊക്കത്തിന് നേരിയ ശമനം. എന്നാൽ 26 ജില്ലകളിലെ 2,500 ഗ്രാമങ്ങൾ വെള്ളത്തിനടിയിൽ തുടരുകയാണ്. 39,000 ഹെക്ടറിൽ കൃഷി നാശമുണ്ടായി. സംസ്ഥാനത്തെ നദികളെല്ലാം അപകട നിലയ്ക്ക് മുകളിൽ ഒഴുകുകയാണ്. അസമിൽ ഒറ്റപ്പെട്ട ഇടങ്ങളിൽ മഴ തുടരുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ മുന്നറിയിപ്പ്.

*****************************

## CHOLERA- KERALA

തിരുവനന്തപുരത്ത് അഞ്ച് പേർക്ക് കൂടി കോളറ സ്ഥിരീകരിച്ചു. ഇതോടെ നിലവിൽ കോളറ സ്ഥിരീകരിച്ചവരുടെ എണ്ണം ഏഴായി. നെയ്യാറ്റിൻകര സ്പെഷ്യൽ സ്കൂളിൽ നിന്നുള്ളവർക്കാണ് രോഗം സ്ഥിരീകരിച്ചത്. തിരുവനന്തപുരത്ത് കോളറ ബാധിത പ്രദേശത്ത് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. രോഗത്തിന്റെ ഉറവിടം കണ്ടെത്താനായി വെള്ളം ഉൾപ്പെടെയുള്ള സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. രോഗ ലക്ഷണങ്ങൾ കാണുന്നവരുടെ സാമ്പിളുകൾ എത്രയും വേഗം പരിശോധനയ്ക്കയയ്ക്കാൻ മന്ത്രി വീണാ ജോർജ് നിർദേശം നൽകിയിരുന്നു. രോഗലക്ഷണങ്ങൾ ഉള്ളവരെയും അവരുടെ സമ്പർക്ക പട്ടികയിൽ ഉള്ളവരെയും നിരന്തരമായി നിരീക്ഷിച്ചു വരികയാണ്. ഐരാണിമുട്ടം സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

*****************************

## DAY WIMBLEDON

വിംബിൾഡൻ ടെന്നീസ് പുരുഷ സിംഗിൾസ് ആദ്യസെമിയിൽ റഷ്യയുടെ ഡാനിൽ മെദ്വദേവ് ഇന്ന് സ്പെയിനിന്റെ കാർലോസ് അൽകാരാസിനെ നേരിടും. രണ്ടാം സെമി ഫൈനലിൽ ഇറ്റാലിയൻ

താരം ലോറെൻസോ മുസെറ്റി, സെർബിയൻ താരം നോവാക് ജോക്കോവിച്ചുമായി എറ്റുമുട്ടും. മറ്റന്നാളാണ് ഫൈനൽ മത്സരം. നാളെ നടക്കുന്ന വനിതാ സിംഗിൾസ് ഫൈനലിൽ ചെക് റിപ്പബ്ലിക് താരം ബാർബൊറ ക്രെച്ചിക്കോവ ഇറ്റലിയുടെ ജാസ്മിൻ പവോലിനിയെ നേരിടും.

*****************************

## REV. NEPAL-MISSING

നേപ്പാളിലെ ചിത്വാൻ ജില്ലയിലെ സിമാൽട്ടൽ മേഖലയിലുണ്ടായ മണ്ണിടിച്ചിലിൽ 65 യാത്രക്കാരുമായി പോയ രണ്ട് ബസുകൾ കാണാതായതായി റിപ്പോർട്ട്. ബസുകൾ ത്രിശൂലി നദിയിലേക്ക് പതിച്ചാണ് അപകടമുണ്ടായത്. കാണാതായവരിൽ 7 പേർ ഇന്ത്യക്കാരാണ്. ഇന്ന്പുലർച്ചെയാണ് അപകടമുണ്ടായത്. രക്ഷാ പ്രവർത്തനം പുരോഗമിക്കുകയാണ്.

*****************************

## BRICS - PUTIN

ബ്രിക്സ് കൂട്ടായ്മ ഭാവിയിൽ പാർലമെൻററി ഘടനയിലുള്ള സംഘടനാ രൂപം കൈവരിക്കണമെന്ന് റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ. ബ്രിക്സ് പാർലമെൻററി ഫോറത്തിൻറെ പത്താം സമ്മേളനത്തെ സെൻറ് പീറ്റേർസ്ബർഗിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇതിലൂടെ ബ്രിക്സിൻറെ ആഗോള സ്വാധീനം ശക്തിപ്പെടുത്താൻ സാധിക്കുമെന്നും വ്ളാഡിമിർ പുടിൻ ചൂണ്ടിക്കാട്ടി.

*****************************

## NATO - CHINA

റഷ്യയും യുക്രെയിനും തമ്മിലുള്ള യുദ്ധത്തിന് ഒത്താശ ചെയ്യുത് ചൈനയെന്ന് ആരോപിച്ച് നാറ്റോ. വാഷിങ്ടനിൽ യുഎസ് പ്രസിഡൻറ് ജോ ബൈഡൻ ആതിഥേയത്വം വഹിച്ച

ഉച്ചകോടിയിലാണ് നാറ്റോ സഖ്യം ചൈനയ്ക്കെതിരെ പരസ്യമായ ആരോപണം ഉന്നയിച്ചത്. യുദ്ധത്തിൽ റഷ്യക്കുള്ള ചൈനയുടെ പിന്തുണയെ അപലപിച്ച് നാറ്റോ സഖ്യരാജ്യങ്ങൾ ഉച്ചകോടിയിൽ സംയുക്ത പ്രസ്താവന നടത്തി.

******************************

## UN EXPERT

ഇന്ത്യ ലോകത്തെ ഏറ്റവും ജനസംഖ്യയുള്ള രാജ്യമായി ഈ നൂറ്റാണ്ടിലുടനീളം തുടരുമെന്ന് യുഎൻ ജനസംഖ്യാ വിദഗ്ധ ക്ലെയർ മെനോസി. 2060 ഓടെ ജനസംഖ്യ ഏറ്റവും ഉയർന്ന നിലയിലെത്തുമെന്നും, പിന്നീടിത് നേരിയ തോതിൽ കുറയാൻ തുടങ്ങുമെന്നും അവർ വ്യക്തമാക്കി. തൊഴിൽസേനയുടെ എണ്ണത്തിലെ വർദ്ധന രാജ്യത്തിന് അനുകൂല അവസരം സൃഷ്ടിക്കുമെന്നും യുഎൻ വിദഗ്ധ ചൂണ്ടിക്കാട്ടി.

************************************************************************************

******